## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 158** — **01-09-2022 - ൽ മറുപടിയ്ക്ക്**

## സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. എച്ച്. സലാം,<br>ഡോ സുജിത് വിജയൻപിള്ള** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പി.എസ്.സി. മുഖേനയുള്ള നിയമനം കാര്യക്ഷമമായി നടക്കുന്നുണ്ടോ; ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പുതുതായി എത്രപേരെ നിയമിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ; | (എ) | പി.എസ്.സി. മുഖേനയുള്ള നിയമനം കാര്യക്ഷമമായി നടക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജൂൺ 2022 വരെ വിവിധ വകുപ്പുകളിലേക്കായി **25,689 (ഇരുപത്തയ്യായിരത്തി അറുന്നൂറ്റി എൺപത്തിയൊൻപത്)** നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. പി.എസ്.സി. മുഖേനയുള്ള നിയമനം കാര്യക്ഷമമായി നടത്തുന്നതിനായി താഴെപ്പറയും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1) പി.എസ്.സി. മുഖേനയുള്ള നിയമനം കൂടുതൽ വേഗത്തിലും, സുതാര്യമാക്കുന്നതിനുമായി ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നു.<br><br>2) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നത് വരെ മുഴുവൻ സംവിധാനങ്ങളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.<br><br>3) ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ സംവിധാനത്തിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷകൾ കുറ്റമറ്റ രീതിയിൽ സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>4) ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിനായി ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>5) പരീക്ഷകൾ ഓൺലൈനായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>6) നിയമന ശിപാർശ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു .<br><br>7) റിക്രൂട്ട്മെന്റ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി എന്നിവ അടിസ്ഥാന യോഗ്യതകളായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് എസ്.എസ്.എൽ.സി ലെവൽ, പ്ലസ്ടു ലെവൽ, ഡിഗ്രി ലെവൽ എന്നിങ്ങനെ പൊതു പ്രാഥമിക പരീക്ഷകൾ നടത്തിയതിനു ശേഷം ഫൈനൽ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഫയലുകളിൽ തീരുമാനമെടുക്കാനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് സെക്രട്ടേറിയറ്റിലെ ഫയൽ നീക്കത്തിന്റെ തട്ടുകൾ കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ഫയൽ നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിനായി ഫയൽ നീക്കത്തിലെ തട്ടുകൾ നിജപ്പെടുത്തിക്കൊണ്ട് 28/04/2022 തീയതിയിൽ സ.ഉ.(കൈ)നം.4/2022/ഉ.ഭ.പ.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം വേഗത്തിലാക്കുന്നത് സംബന്ധിച്ച് വിശദമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസറിൽ നിന്നും സെക്രട്ടറി/ മന്ത്രിതലം വരെയുള്ള ഫയൽ നീക്കത്തിനുള്ള സമയപരിധി പത്ത് ദിവസമാക്കി നിശ്ചയിച്ചുകൊണ്ടും, ധനകാര്യവകുപ്പ്, നിയമവകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്, ആസൂത്രണവകുപ്പ് എന്നീ വകുപ്പുകളിൽ നിന്നും വിവിധ ഭരണവകുപ്പുകൾ ആരായുന്ന ഉപദേശം രണ്ടാഴ്ച സമയ പരിധിക്കുള്ളിൽ നൽകുവാനും നിർദ്ദേശം നൽകി കൊണ്ടുള്ള ഉത്തരവ് നിലവിലുണ്ട്. |
| (സി) | ഫയലുകളിൽ തീരുമാനമെടുക്കുന്നത് വൈകിപ്പിക്കുന്നതിനായി അനാവശ്യമായി കൂടുതൽ അന്വേഷണത്തിന് കുറിക്കുന്ന രീതി (ക്വറി) അവസാനിപ്പിക്കുന്നതിനും ഓരോ തട്ടിലും ഫയലുകൾ കൈവശം വയ്ക്കാവുന്ന ദിവസങ്ങൾ പരിമിതപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. ഫയൽ നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിനായി ഫയൽ നീക്കത്തിലെ തട്ടുകൾ നിജപ്പെടുത്തിക്കൊണ്ട് 28/04/2022 തീയതിയിൽ സ.ഉ.(കൈ)നം.4/2022/ഉ.ഭ.പ.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം വേഗത്തിലാക്കുന്നത് സംബന്ധിച്ച് വിശദമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസറിൽ നിന്നും സെക്രട്ടറി/ മന്ത്രിതലം വരെയുള്ള ഫയൽ നീക്കത്തിനുള്ള സമയപരിധി പത്ത് ദിവസമാക്കി നിശ്ചയിച്ചുകൊണ്ടും, ധനകാര്യവകുപ്പ്, നിയമവകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്, ആസൂത്രണവകുപ്പ് എന്നീ വകുപ്പുകളിൽ നിന്നും |

| | | | |
|---|---|---|---|
| | | | വിവിധ ഭരണവകുപ്പുകൾ ആരായുന്ന ഉപദേശം രണ്ടാഴ്ച സമയ പരിധിക്കുള്ളിൽ നൽകുവാനും നിർദ്ദേശം നൽകി കൊണ്ടുള്ള ഉത്തരവ് നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ